# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5192 — 24.10.2011 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ശുദ്ധജല പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ബി. അബ്ദുൾ റസാക് | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല പദ്ധതികൾ ഏതെല്ലാം; ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. സാർക്ക് പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ശുദ്ധജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ. ഈ പദ്ധതി വഴി 30,000 പേർക്ക് പ്രയോജനം ലഭിക്കും.<br>2. എ.ആർ.പി പദ്ധതയിലുൾപ്പെട്ട മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി. ഈ പദ്ധതി വഴി 32,237 പേർക്ക് പ്രയോജനം ലഭിക്കും.<br>3. ബേളൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. ഈ പദ്ധതി വഴി 32,325 പേർക്ക് പ്രയോജനം ലഭിക്കും.<br>4. എ.ആർ.പി പദ്ധതിയിലുൾപ്പെട്ട മാലോത്ത്- ബലാൾ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ പ്രയോജനം 27,000 പേർക്ക് ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | 1. കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് അംഗീ |

കരിച്ചു. മറ്റൊരു പ്രവൃത്തിയായ കിണറിന്റെ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

2. മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ, ടാങ്ക്, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചു. ശുദ്ധീകരണശാല, ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവയുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ നിരക്കു പ്രകാരം തയ്യാറാക്കി വരുന്നു.
3. ബേളൂർ ശുദ്ധജലവിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
4. മാലോത്ത്-ബലാൽ പദ്ധതിയുടെ കിണർ, തടയണ (വിയർ), ഗ്രാവിറ്റി മെയ്ൻ, പമ്പിംഗ് മെയ്ൻ, വിതരണ ശൃംഖല-സോൺ-2 എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചു. ജല ശുദ്ധീകരണശാല, വിതരണ ശൃംഖല-സോൺ-3 എന്നീ ഘടകങ്ങളുടെ പ്രവൃത്തികൾക്കുള്ള എഗ്രിമെന്റ് ഒപ്പുവച്ചു കഴിഞ്ഞു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | വകുപ്പു മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കി പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ